"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം- റിട്ട. പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായ ശ്രീമതി. ലക്ഷ്മിക്കുട്ടി കെ.റ്റി യും മറ്റ് ആറ് പേരും ബഹുകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 422/2023 - ലെ ബഹു. ട്രൈബ്യൂണലിന്റെ 15.11.2023 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ) നം.9/2025/GEDN തീയതി,തിരുവനന്തപുരം, 12-01-2025

പരാമർശം:-
1. സ.ഉ.(സാധാ) നം.3973/2015/പൊവിവ. തീയതി 10.09.2015
2. സ.ഉ.(എം.എസ്.) നം. 3/2017/പൊ.വി.വ. തീയതി 18-01-2017
3. റിട്ട. പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായ ശ്രീമതി. ലക്ഷ്മിക്കുട്ടി കെ.റ്റി യും മറ്റ് ആറ് പേരും ബഹുകേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 422/2023 - ലെ ബഹു. ട്രൈബ്യൂണലിന്റെ 15.11.2023 ലെ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.12.2024-ലെ എച്ച്.എസ്.ഇ/11361/2023/എഡി.ഡി1 നമ്പർ കത്ത്.

ഉത്തരവ്

ഗവ. ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് മുമ്പ് പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി ജോലി ചെയ്തിരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി ഉൾപ്പെടെ ഏഴുപേർ ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച 06.01.2006 പ്രാബല്യത്തിൽ പ്രിൻസിപ്പൽ ശമ്പളസ്കെയിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 422/2023-മേലുള്ള പരാമർശം (3) ഉത്തരവിൽ ബഹു. കോടതി ചുവടെ ചേർത്തിരിക്കും പ്രകാരം നിർദ്ദേശിച്ചിരുന്നു.

"Therefore, there shall be a direction to the respondents to see that the benefit of scale of pay which was granted to the placed Principals on the basis of the direction issued by the Hon'ble Hligh Court in W.A. No.950/2010 is extended to the applicants, by fixing their pay in the revised scale of pay of HSST/HM till 06.01.2006 from the respective date on which they were placed as Principals up to 05.01.2006 and thereafter in the pay scale of Principal from 06.01.2006 till their retirement. The respondents shall see that the pensionary benefits due to the 'applicants are

thereafter re-fixed on the basis of the pay thus re-fixed and arrears due to them are disbursed within a period of four months from the date of receipt of a copy of this order."

2) ഗവ. ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് മുമ്പ് സീനിയറായിട്ടുള്ള ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർമാർക്ക് പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കിയിരുന്നു. ഇവർക്ക് ശമ്പളത്തിനോടൊപ്പം 2 5 0 രൂപ സ്പെഷ്യൽ അലവൻസായി അനുവദിച്ചിരുന്നു. പിന്നീട് 06.01.2006-ലെ സ.ഉ (കൈ) നം. 11/2006/പൊ.വി.വ പ്രകാരം ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുകയും ശമ്പള സ്കെയിൽ നിർണ്ണയിക്കുകയും ചെയ്തു. ഇതേ തുടർന്ന് പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിതരായിരുന്നവരിൽ ചിലർ ടി ശമ്പള സ്കെയിൽ തങ്ങൾക്കും അനുവദിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ഡബ്ല്യു.പി (സി) 6530/2007, ഡബ്ല്യൂ പി (സി) 21592/2010 എന്നിവ മുഖേനെ കോടതിയെ സമീപിക്കുകയും ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി 06.07.2009-ലെ ഉത്തരവ് പ്രകാരം മേൽ ഡബ്ല്യൂ പി (സി)-കളിലെ ആവശ്യം അനുവദിച്ചു. ആയതിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിലെയും (ഡബ്ല്യൂഎ 950/2010) ഡബ്ല്യു പി (സി) 21592/10-ലെയും 09.06.2014-ലെ പൊതു ഉത്തരവിൽ ഡബ്ല്യു.പി.(സി) 6530/2007-ലെയും ഡബ്ല്യു.പി.(സി) 21592/2010-ലെയും അപേക്ഷകർ പ്രിൻസിപ്പൽ ശമ്പള സ്കെയിലിന് അർഹരാണെന്ന് ഉത്തരവായി. ഇതിനെ തുടർന്ന് ബഹു. സുപ്രീംകോടതിയിൽ സർക്കാർ ഫയൽ ചെയ്ത SLP(C)(CC) 4449-4450/15 തള്ളിക്കൊണ്ട് 16.03.2015-ൽ ബഹു. സുപ്രീംകോടതി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് റിട്ട് അപ്പീലിലെ എതിർകക്ഷികൾക്ക് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ശമ്പള സ്കെയിൽ അനുവദിക്കുകയുണ്ടായി.

3) പ്രസ്തുത ഉത്തരവിനെ തുടർന്ന് നിരവധി പ്ലേസ്ഡ് പ്രിൻസിപ്പൽമാർ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് സമ്പാദിക്കുകയുണ്ടായി. ഇതിനെ തുടർന്ന് പരാമർശം (2) പ്രകാരം സമാന ഒ.എ.കളിലെ അപേക്ഷകർക്കും പ്രിൻസിപ്പൽ സ്കെയിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത ആനുകൂല്യം തങ്ങൾക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി ജോലി ചെയ്തിരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി കെ.റ്റി. ഉൾപ്പെടെ ഏഴുപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ 422/2023 കേസ് ഫയൽ ചെയ്തത്.

4) ഒ.എ.422/2023-ലെ അപേക്ഷകരിൽ ഓരോരുത്തരും പ്ലേയ്സ്ഡ്, പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ട തീയതി ഇവർ വിരമിച്ച തീയതി എന്നിവ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

ക്രമ നം.	പേര്	പ്ലേയ്സ്ഡ് പ്രിൻസിപ്പലായി നിയമിച്ച കാലയളവ്	സർവീസിൽ നിന്നും വിരമിച്ച തീയതി	പ്രിൻസിപ്പൽ സ്കെയിലിന് അർഹതയുള്ള കാലയളവ്
1		19/07/2003- 31/03/2	31/03/200	06/01/2006-31/03/200

	ശ്രീമതി ലക്ഷ്മി കുട്ടി. കെ.റ്റി	006	6	6
2	ശ്രീ. എൻ.ജി മുരളീധര കുറുപ്പ്	03/02/2005-31/03/2007	31/03/2007	06/01/2006-31/03/2007
3	ശ്രീമതി മറിയാമ്മ.എം	29/08/2005-30/04/2007	30/04/2007	06/01/2006-30/04/2007
4	ശ്രീ. മാത്യുസ്.പി.കെ	19/03/2003-31/03/2008	31/03/2008	06/01/2006-31/03/2008
5	ശ്രീ. സോമരാജൻ.പി.കെ	18/07/2005 -31/03/2008	31/03/2008	06/01/2006-31/03/2008
6	ശ്രീമതി പി.ജി. ശശികല	19/07/2003-31/03/2009	31/03/2009	06/01/2006-31/03/2009
7	ശ്രീ. മാത്യുസ് കോശി	02/07/2007-26.03.2010	31/03/2010	02/07/2007-26/03/2010

5) ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക നിയമനവുമായി ബന്ധപ്പെട്ട് ജി.ഒ(പി) നം.144/2001 തീയതി 16.04.2001-പ്രകാരം സ്പെഷ്യൽ റൂൾ രൂപീകരിച്ചെങ്കിലും സ.ഉ.(കൈ) നം. 11/2006/പൊ.വി.വ പ്രകാരം 06.01.2006-ൽ മാത്രമാണ് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുകയും ശമ്പള സ്കെയിൽ നിർണ്ണയിക്കുകയും ചെയ്തത്. തുടർന്ന് സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കി 01.08.2009-ലെ ജി.ഒ (ആർ.റ്റി) 3240/09/പൊവിവ പ്രകാരമാണ് സർക്കാർ തലത്തിൽ നിയമനം നൽകി ഉത്തരവായത്. മേൽ പട്ടികയിലുള്ള ക്രമ നം. 1 മുതൽ 6 വരെയുള്ളവർ 2009-ൽ റഗുലർ പ്രമോഷൻ ഉത്തരവാകുന്നതിന് മുമ്പേ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി തന്നെ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളവരാണെന്നും ടിയാളുകൾക്ക് റഗുലർ പ്രിൻസിപ്പൽ പ്രമോഷൻ ലഭിച്ചിരുന്നില്ല എന്നും ക്രമ നം. 7 ശ്രീ. മാത്യുസ് കോശി 02.07.2007 മുതൽ 26.03.2010 വരെ പ്ലെയ്സ്ഡ് പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ചിരുന്നുവെന്നും 27/03/2010-ലെ സ.ഉ.(സാധാ)നം.1400/2010/പൊവിവ പ്രകാരം ശ്രീ. മാത്യുസ് കോശിക്ക് പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് റഗുലർ നിയമനം ലഭിച്ചിട്ടുള്ളതും 31/03/2010ൽ സർവീസിൽ നിന്നും വിരമിച്ചുവെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. W.A.No.950/2010 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ചിരുന്ന സ്കെയിൽ ഓഫ് പേ-യുടെ ആനുകൂല്യം സമാന സാഹചര്യത്തിലുള്ള ഒ.എ. 422/2023 കേസിലെ അപേക്ഷകർക്ക് കൂടി ബാധകമാകുന്ന രീതിയിൽ ദീർഘിപ്പിച്ച് നൽകിയും പ്ലേയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ട ടിയാളുകൾക്ക് അതാത് തീയതി മുതൽ 05.01.2006 വരെ HSST/HM-ന്റെ പുതുക്കിയ ശമ്പള സ്കെയിലും, അതിനുശേഷം 06.01.2006 മുതൽ അവരുടെ വിരമിക്കൽ വരെ പ്രിൻസിപ്പലിന്റെ ശമ്പള സ്കെയിലും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഇപ്രകാരം ഒ.എ. 422/2023-ലെ ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (3) ഉത്തരവ്

നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ശ്രീമതി ലക്ഷ്മിക്കുട്ടി കെ.റ്റി, ശ്രീനന്ദനം, വെട്ടിയാർ.പി.ഒ, മാവേലിക്കര, ആലപ്പുഴ-690558

ശ്രീ. എൻ.ജി.മുരളീധരക്കുറുപ്പ്, അരവിന്ദം, ഇലഞ്ഞിമൽ.പി.ഒ,ചെറിയനാട് (വഴി), ചെങ്ങന്നൂർ, ആലപ്പുഴ-689511

ശ്രീമതി. മറിയാമ്മ.എം , ആരംവില്ല, തുപ്പിലഴികം, കുഴിമതിക്കാട്,കൊല്ലമ്-691509

ശ്രീ. മാത്യൂസ് പി.കെ, പൈനുമൂട്ടിൽ പുത്തൻ വീട് , കുന്നം.പി.ഒ ,മാവേലിക്കര, ആലപ്പുഴ-690101

ശ്രീ.സോമരാജൻ.പി.കെ,പാറയിരിക്കുന്നതിൽ,മെഴുവേലി.പി.ഒ,പത്തനംതിട്ട-689507

ശ്രീമതി.പി.ജി.ശശികല. ചക്കാലേത്ത് ഹൌസ്, പന്നിവിഴ, അടൂർ.പി.ഒ., പത്തനംതിട്ട-691523

ശ്രീ. മാത്യു കോശി , കളീക്കൽ പുത്തൻ വീട്, മുളവന. പി.ഒ, കുണ്ടറ, കൊല്ലം-691503

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ്& ന്യൂ മീഡിയ) , ഐ& പി ആർ ഡി, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2585 തീയതി 08.01.2025)

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/(പൊ.വി.വ-സി2/121/2023-പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Raseena R A
Date: 13-01-2025 10:56:58

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

പൊതുവിദ്യാഭ്യാസ (സി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 08-01-2025

ഫയൽ നം. GEDN-C2/121/2023/GEDN. ഇനം നം: 2585

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - W.A.No.950/2010 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ചിരുന്ന സ്കെയിൽ ഓഫ് പേ-യുടെ ആനുകൂല്യം ഒ.എ.422/2023 കേസിലെ അപേക്ഷകർക്ക് കൂടി ബാധകമാകുന്ന രീതിയിൽ ദീർഘിപ്പിച്ച് നൽകിയും പ്ലേയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ടവർക്ക് അതാത് തീയതി മുതൽ 05.01.2006 വരെ HSST/HM-ന്റെ പുതുക്കിയ ശമ്പള സ്കെയിലിൽ ശമ്പളം നിശ്ചയിച്ച്, അതിനുശേഷം 06.01.2006 മുതൽ അവരുടെ വിരമിക്കൽ വരെ പ്രിൻസിപ്പലിന്റെ ശമ്പള സ്കെയിലിൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1	ഫയൽ നമ്പർ	GEDN-C2/121/2023/G.Edn
2	വകുപ്പ്	പൊതുവിദ്യാഭ്യാസ (സി) വകുപ്പ്
3	വിഷയം	W.A.No.950/2010 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽ മാർക്ക് അനുവദിച്ചിരുന്ന സ്കെയിൽ ഓഫ് പേ-യുടെ ആനുകൂല്യം ഒ.എ 422/2023 കേസിലെ അപേക്ഷകർക്ക് കൂടി ബാധകമാകുന്ന രീതിയിൽ ദീർഘിപ്പിച്ച് നൽകിയും പ്ലേയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ടവർക്ക് അതാത് തീയതി മുതൽ 05.01.2006 വരെ HSST/HM-ന്റെ പുതുക്കിയ ശമ്പള സ്കെയിലിൽ ശമ്പളം നിശ്ചയിച്ച്, അതിനുശേഷം 06.01.2006 മുതൽ അവരുടെ വിരമിക്കൽ വരെ പ്രിൻസിപ്പലിന്റെ ശമ്പള സ്കെയിലിലും അനുവദിക്കുന്നത്- സംബന്ധിച്ച്.
4	മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള, മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി	28/11/2024
5	i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	അതെ. ഉണ്ട്.
6	മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ?	ഉണ്ട്.
7	കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്	ശ്രീമതി പ്രീത എസ് നായർ
8	കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്	ശ്രീമതി റാണിജോർജ്
9	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി	13.12.2024
10	കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്	ശ്രീമതി ശാരദാ മുരളീധരൻ
11	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി	17.12.2024
12	കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്	ശ്രീ. വി. ശിവൻകുട്ടി
13	മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി	18.12.2024
14	കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി	20.12.2024
15	മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി	
16	തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും	

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഗവ. ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് മുമ്പ് പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി ജോലി ചെയ്തിരുന്നവരും ഒ.എ 422/2023-ലെ അപേക്ഷകരുമായ ശ്രീമതി ലക്ഷ്മിക്കുട്ടി ഉൾപ്പെടെ ഏഴുപേർക്ക് ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച 06.01.2006 പ്രാബല്യത്തിൽ പ്രിൻസിപ്പൽ ശമ്പളസ്കെയിൽ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ധനകാര്യവകുപ്പിന്റെ വ്യവസ്ഥകളിൽ ഇളവ് നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ 422/2023-ന്മേലുള്ള 15.11.2024 തീയതിയായ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പ്രസ്തുത ഉത്തരവിൽ ബഹു. കോടതി ചുവടെ ചേർത്തിരിക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"Therefore, there shall be a direction to the respondents to see that the benefit of scale of pay which was granted to the placed Principals on the basis of the direction issued by the Hon'ble Hligh Court in W.A. No.950/2010 is extended to the applicants, by fixing their pay in the revised scale of pay of HSST/HM till 06.01.2006 from the respective date on which they were placed as Principals upto 05.01.2006 and thereafter in the pay scale of Principal from 06.01.2006 till their retirement. The respondents shall see that the pensionary beneifts due to the 'applicants are thereafter re-fixed on the basis of the pay thus re-fixed and arrears due to them are disbursed within a period of four months from the date of receipt of a copy of this order."

3) ഗവ. ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് മുമ്പ് സീനിയറായിട്ടുള്ള ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർമാർക്ക് പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്ലേസ്മെന്റ് നല്കിയിരുന്നു. ഇവർക്ക് ശമ്പളത്തിനോടൊപ്പം 250/- രൂപ സ്പെഷ്യൽ അലവൻസായി അനുവദിച്ചിരുന്നു. പിന്നീട് 06.01.2006-ലെ സ.ഉ.(കൈ) നം. 11/2006/പൊ.വി.വ. പ്രകാരം ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുകയും ശമ്പള സ്കെയിൽ നിർണ്ണയിക്കുകയും ചെയ്തു. ഇതേ തുടർന്ന് പ്ലെയ്സ്ഡ്

പ്രിൻസിപ്പൽമാരായി നിയമിതരായിരുന്നവരിൽ ചിലർ ടി ശമ്പള സ്കെയിൽ തങ്ങൾക്കും അനുവദിക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ഡബ്ല്യു.പി.(സി)6530/2007, ഡബ്ല്യു.പി.(സി) 21592/2010 എന്നിവ മുഖേനെ കോടതിയെ സമീപിക്കുകയും ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി 06.07.2009-ലെ ഉത്തരവ് പ്രകാരം മേൽ ഡബ്ല്യു.പി.(സി)-കളിലെ ആവശ്യം അനുവദിച്ചു. ആയതിനെതിരെ സർക്കാർ ഫയൽ ചെയ്ത റിട്ട്. അപ്പീലിലെയും (ഡബ്ല്യു.എ 950/2010) ഡബ്ല്യു.പി.(സി) 21592/10-ലെയും 09.06.2014-ലെ പൊതു ഉത്തരവിൽ ഡബ്ല്യു.പി. (സി)6530/2007-ലെയും ഡബ്ല്യു.പി.(സി) 21592/2010-ലെയും അപേക്ഷകർ പ്രിൻസിപ്പൽ ശമ്പള സ്കെയിലിന് അർഹരാണെന്ന് ഉത്തരവായി. ഇതിനെ തുടർന്ന് ബഹു. സുപ്രീംകോടതിയിൽ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളിക്കൊണ്ട് ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് റിട്ട് അപ്പീലിലെ എതിർകക്ഷികൾക്ക് 10.09.2015-ലെ GO(Rt)3973/2015/പൊ.വി.വ പ്രകാരം പ്രിൻസിപ്പൽ ശമ്പള സ്കെയിൽ അനുവദിക്കുകയുണ്ടായി.

4) പ്രസ്തുത ഉത്തരവിനെ തുടർന്ന് നിരവധി പ്ലേസ്ഡ് പ്രിൻസിപ്പൽമാർ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് സമ്പാദിക്കുകയുമുണ്ടായി. ഇതിനെ തുടർന്ന് 18.01.2017-ലെ സ.ഉ. (എം.എസ്) നം. 3/2017/പൊ.വി.വ. പ്രകാരം സമാന ഒ.എ.കളിലെ അപേക്ഷകർക്കും പ്രിൻസിപ്പൽ സ്കെയിൽ അനുവദിക്കുകയുണ്ടായി. പ്രസ്തുത ആനുകൂല്യം തങ്ങൾക്കും അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി ജോലി ചെയ്തിരുന്ന ശ്രീമതി ലക്ഷ്മിക്കുട്ടി കെ.റ്റി. ഉൾപ്പെടെ ഏഴുപേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ 422/2023 കേസ് ഫയൽ ചെയ്തിട്ടുള്ളതിൽ അപേക്ഷകർക്ക് അനുകൂലമായി 15.11.2024-ൽ ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

5) മേൽ പ്രകാരവും നിരവധി പേർക്ക് ഇത്തരത്തിൽ ആനുകൂല്യങ്ങൾ അനുവദിച്ചതിനാൽ OA 422/2023-ലെ ഉത്തരവ് പാലിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചതിൽ ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

OA 422/ 2023 നമ്പർ കേസിലെ 15/11/2023-ലെ വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

".....7. The respondents have admitted the fact that the applicants had been working as Principals on placement and similarly situated persons were already granted the benefits of pay scale on the basis of the directions issued by the Hon'ble High Court (in the judgment in WA. No.950/2010 and on the basis of various orders in various Original Applications). The applicants have already retired from service during the period between 2006 and 2010. Applicants cannot be compelled to walt for the benefit any further. After finding the applicants entitled for the pay scale and including them in the proposal for payment, the respondents cannot be heard to contend that the benefits would be limited only to parties to the judgments, The denial of the benefit of a judgment, to the applicants who also worked as Placed Principals is nothing but arbitrary.

Therefore, there shall be a direction to the respondents to see that the benefit of scale of pay which was granted to the placed Principals on the basis of the direction issued by the Hon'ble High Court in W.A No.950/2010 Is extended to the applicants, by fixing their pay in the revised scale of pay of HSST/HM till 06.01.2006 from the respective date on Which they Were placed as Principals upto 05.01.2006 and thereafter in the pay scale of Principal from 06.01.2006 till their retirement. The respondents shall see that the pensionary beneifts due to the applicants are thereafter re-fixed on the basis of the pay thus re-fixed and arrears due to tam are disbursed within a period of four months from the date of receipt of a copy of this order....."

OA 422/ 2023 നമ്പർ കേസിൽ പരാമർശിച്ചിട്ടുള്ള W.A. No.950/2010-യിലെ വിധിന്യായത്തിൽ ആയതു കേസിലെ അപേക്ഷകർക്ക് ആനുകൂല്യം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു വിധിന്യായമാണെന്നു കാണുന്നുണ്ട്. എന്നാൽ W.A. No.950/2010 യിലെ വിധിന്യായത്തിനെതിരെ സർക്കാർ SLP ഫയൽ ചെയ്തുവെങ്കിലും ആയതു ഡിസ്മിസ്

ചെയ്തുവെന്നും SLP ഡിസ്മിസ് ചെയ്തത് ബഹു. സുപ്രീം കോടതി കേസ് വിശദമായി കേട്ടതിനുശേഷമാണെന്നതിനാൽ RP ഫയൽ ചെയ്യുന്നതിന് grounds ഇല്ല എന്ന് standing counsel അറിയിച്ചിരുന്നതായും ആയതിനാൽ RP ഫയൽ ചെയ്തില്ലെന്നും ഈ സാഹചര്യങ്ങൾ എല്ലാ കണക്കിലെടുത്താണ് 18.01.2017-ലെ സ.ഉ. (എം.എസ്) 3/2017/പൊ.വി.വ. പ്രകാരം സമാന OA-കളിലെ അപേക്ഷകർക്കും പ്രിൻസിപ്പൽ സ്കെയിൽ അനുവദിച്ചു ഉത്തരവായിട്ടുള്ളത് എന്നും കാണുന്നു. ഈ സാഹചര്യത്തിൽ OA 422/2023 നമ്പർ കേസിലെ അപേക്ഷകർ സമാന സാഹചര്യത്തിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് എങ്കിൽ OA 422/2023 നമ്പർ കേസിലെ 15/11/2023-ലെ വിധിന്യായത്തിനെതിരെ വിജയകരമായ ഒരു അപ്പീലിന് സാധ്യത നിലനിൽക്കുന്നില്ല എന്ന് കാണുന്നു.

Ajay Kumar Shukla and Others V. Aravind Rai and others (CA No. 5966/2021) 08 / 12/2021-ലെ വിധിന്യായത്തിൽ ബഹു. സുപ്രീം കോടതി ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. in matters relating to service jurisprudence, time and again it has been held that it is not essential to implead each and every one who could be affected but if a section of such affected employees is impleaded then the interest of all is represented and protected."

ബഹു. സുപ്രീംകോടതിയുടെ സമാനമായ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ഒ.എ. 422/2023 നമ്പർ കേസിലെ 15.11.2023-ലെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീലിനുള്ള സാധ്യത വിരളമാണെങ്കിലും OA 422/2023 നമ്പർ കേസിലെ അപേക്ഷകരുടെ സാഹചര്യം വ്യത്യസ്തമാണോ എന്ന് ഭരണ വകുപ്പ് പരിശോധിക്കേണ്ടതും, സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്തു ധനകാര്യ വകുപ്പിന്റെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം അപ്പീൽ ഫയൽ ചെയ്യുന്ന വിഷയത്തിൽ AG-യുമായി കൂടിയാലോചിച്ചു നടപടികൾ സ്വീകരിക്കാവുന്നതാണെന്നു ഭരണ വകുപ്പിനെ അറിയിക്കുന്നു."

6) നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് നല്കിയപ്പോൾ ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"Since the placed principals were only holding charge arrangement and were not undergone any regular promotion criteria including DPC and seniority and have not performed duty in the regular promotion post, the contention of the petitioners for the eligibility of the scale of pay of the post of Principals is unwarranted and unlawful. In the circumstance, AD is directed to prefer appeal on the matter."

7) ഒ.പി.(KAT) ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയെങ്കിലും ഡബ്ല്യു.എ.950/2010-ൽ മേൽവാദഗതി ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് പരിഗണിച്ചിട്ടുള്ളതിനാൽ ടി കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 15.11.2024-ലെ ഉത്തരവിനെതിരെ അപ്പീലിന് സാധ്യതയില്ലെന്നും അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് നൽകിയപ്പോൾ ആ വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു.

മേൽ അഭിപ്രായത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8) ഇതേ വിഷയത്തിൽ ബഹു. സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്ത SLP തള്ളിയതിനെ തുടർന്ന്, ഹർജിക്കാരുടേതിന് സമാനമായ കേസിൽ അനുകൂല വിധി നേടിയ 12 പേർക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ പ്രിൻസിപ്പൽ തസ്തികയിലെ ആനുകൂല്യങ്ങൾ 10.09.2015-ലെ G.O.(Rt) No.3973/2015/G.Edn. പ്രകാരം അനുവദിച്ച് നൽകിയിരുന്ന സാഹചര്യത്തിലും അപ്പീലിന് സാധ്യതയില്ല എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും 28.11.2024-നു മുൻപ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിക്കാതിരുന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ നടപടികൾ തുടങ്ങുമെന്ന് അറിയിച്ചിരിക്കുന്നതിനാലും OA 422/23-ലെ 7 ഹർജിക്കാർക്ക് 15.11.2023-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ തസ്തികയിൽ ആനുകൂല്യങ്ങൾ

അനുവദിക്കുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ അപ്പീൽ സാധ്യത ഇല്ലെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളതിനാലും ധനകാര്യവകുപ്പ് യോജിച്ചിട്ടില്ലാത്ത സാഹചര്യത്തിലും കോടതിയലക്ഷ്യ നടപടികൾ നിലനിൽക്കുന്നതും പരിഗണിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

9. പ്രസ്തുത വിഷയം 04.12.2024-ലെ മന്ത്രിസഭാ യോഗം പരിഗണിക്കുകയും ബഹു.സുപ്രീം കോടതിയെ സമീപിച്ച് ആനുകൂല്യം ലഭ്യമാക്കിയവരുടെ അതേ സാഹചര്യത്തിലാണോ കുറിപ്പിൽ സൂചിപ്പിച്ചിരിക്കുന്ന അപേക്ഷകരും വരുന്നത് എന്നത് പരിശോധിച്ചു കൊണ്ട് കുറിപ്പുകൾ പുനർസമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു.

10. WA 950/2010 കേസിൽ ഹൈക്കോടതി പുറപ്പെടുവിച്ച 09/06/2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം ഉൾപ്പെടുത്തിയാണ് പ്ലേയ്സ്ഡ് പ്രിൻസിപ്പൽ ആയി ജോലി നോക്കിയവർക്ക് സ്കെയിൽ ഓഫ് പേ അനുവദിച്ചു കൊണ്ട് 10/09/2015 ലെ GO(Rt).3973/2015/ Gedn നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

"In compliance with the order of the Hon'ble High Court dated 09/06/2014, the petitioner in WP (c) No. 21592/2010 and the respondents in WA No. 950/2010 are granted revision as provided in terms of the 2005 pay revision order applying the scale of pay as applicable to HSST/HM for the period till 05/01/2006 and for the period thereafter only, they will be entitled to the revised scale as applicable to the post of Principal. However this order will be subject to the outcome of the review petition being filed by Government before the Hon'ble Supreme Court "

11. 09.06.2014-ലെ W.A 950/2010-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവിനെതിരെ സർക്കാർ ബഹു.സുപ്രീംകോടതിയിൽ SLP(C)(CC) 4449-4450/15 നമ്പർ കേസ് ഫയൽ ചെയ്തിരുന്നത് 16.03.2015-ൽ തള്ളി തീർപ്പാക്കിയിരുന്നു. തുടർന്ന് ബഹു.ഹൈക്കോടതി മുൻപാകെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ 950/2010 ലെ 09/06/2014 ലെ പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമാന കേസുകളിലെ അപേക്ഷകർക്കും 06/01/2006 പ്രാബല്യത്തിൽ പ്രിൻസിപ്പൽ സ്കെയിൽ അനുവദിച്ചുകൊണ്ട് 18/01/2017 - ൽ GO(Ms)No.03/2017/Gedn നമ്പർ പ്രകാരം ഉത്തരവ് ആയിട്ടുണ്ട്. കൂടാതെ അതിന് ശേഷവും

ഇതേ സാഹചര്യത്തിൽ, ബഹു.ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ OA(EKM) 793/2018 ൽ ഉൾപ്പെട്ട 28 പേർക്ക് 03/07/2019 ൽ GO(Rt)No.2686/2019/Gedn പ്രകാരവും OA No.1455/2021, കേസിലെ അപേക്ഷകർക്ക് 06.01.2023 ൽ GO(Rt)No.146/2023/Gedn പ്രകാരവും OA (Ekm)No.1011/2017 നമ്പർ കേസുകളിലെ അപേക്ഷകർക്ക് 6/03/2024 ൽ GO(Rt)No.1896/2024/Gedn പ്രകാരവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

12. ഒ.എ.422/2023-ലെ അപേക്ഷകരിൽ ഓരോരുത്തരും പ്ലേയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ട തീയതി, ഇവർ വിരമിച്ച തീയതി, എന്നിവ ചുവടെ ചേർക്കും പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം.	പേര്	പ്ലേയ്സ്ഡ് പ്രിൻസിപ്പലായി നിയമിച്ച കാലയളവ്	സർവീസിൽ നിന്നും വിരമിച്ച തീയതി	പ്രിൻസിപ്പൽ സ്കെയിലിന് അർഹതയുള്ള കാലയളവ്
1	ലക്ഷ്മി കുട്ടി.കെ.റ്റി	19/07/2003 - 31/03/2006	31/03/2006	06/01/2006 - 31/03/2006
2	എൻ.ജെ മുരളീധര കുറുപ്പ്	03/02/2005 - 31/03/2007	31/03/2007	06/01/2006 - 31/03/2007
3	മറിയാമ്മ.എം	29/08/2005 - 30/04/2007	30/04/2007	06/01/2006 - 30/04/2007
4	മാത്യൂസ്.പി.കെ	19/03/2003 - 31/03/2008	31/03/2008	06/01/2006 - 31/03/2008
5	സോമരാജൻ.പി.കെ	18/07/2005 - 31/03/2008	31/03/2008	06/01/2006 - 31/03/2008
6	പി.ജി.ശശികല	19/07/2003 - 31/03/2009	31/03/2009	06/01/2006 - 31/03/2009
7	മാത്യൂസ് കോശി	02/07/2007 - 03.2010	31/03/2010	02/07/2007 - 26/03/2010

ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക നിയമനവുമായി ബന്ധപ്പെട്ട് ജി.ഒ(പി)നം144/2001 തീയതി.16.04.2001-പ്രകാരം സ്പെഷ്യൽ റൂൾ രൂപീകരിച്ചെങ്കിലും സ.ഉ. (കൈ) നം. 11/2006/പൊ.വി.വ. പ്രകാരം 06.01.2006-ൽ മാത്രമാണ് പ്രിൻസിപ്പൽ തസ്തിക

സൃഷ്ടിക്കുകയും ശമ്പള സ്കെയിൽ നിർണ്ണയിക്കുകയും ചെയ്തിരുന്നത്. തുടർന്ന് സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കി 1.08.2009-ലെ ജി.ഒ (ആർ.റ്റി) 3240/09/പൊവിവ പ്രകാരമാണ് സർക്കാർ തലത്തിൽ നിയമനം നൽകി ഉത്തരവായത്. മേൽ പട്ടികയിലുള്ള ക്രമനം.1 മുതൽ 6 വരെയുള്ളവർ 2009-ൽ റഗുലർ പ്രമോഷൻ ഉത്തരവാകുന്നതിന് മുമ്പേ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാരായി തന്നെ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളവരാണ്. ടിയാളുകൾക്ക് റഗുലർ പ്രിൻസിപ്പൽ പ്രമോഷൻ ലഭിച്ചിരുന്നില്ല. ക്രമനം. 7 ശ്രീ.മാത്യൂസ് കോശി 02.07.2007 മുതൽ 26.03.2010 വരെ പ്ലെയ്സ് പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിച്ചിരുന്നു. 27/03/2010-ലെ സ.ഉ(സാധാ)നം.1400/2010/പൊവിവ പ്രകാരം ശ്രീ.മാത്യൂസ് കോശി പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് റഗുലർ നിയമനം ലഭിച്ചിട്ടുള്ളതും 31/03/2010 ൽ തന്നെ സർവീസിൽ നിന്നും വിരമിക്കുകയും ചെയ്തിട്ടുണ്ട്.

13. WP(C) 21592/10, WA.950/2010 കേസുകളിലെ ബഹു. ഹൈക്കോടതിയുടെ 09.06.2014-ലെ പൊതു ഉത്തരവിനെതിരെ സർക്കാർ എസ്.എൽ.പി.(സി)(സിസി)4449-50 ഫയൽ ചെയ്തുവെങ്കിലും 16.03.2015-ൽ ബഹു. സുപ്രീം കോടതി പ്രസ്തുത എസ്.എൽ.പി. തള്ളിക്കൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത കേസിലെ ശ്രീമതി മേരിക്കുട്ടി ജോസഫ്, ശ്രീമതി അൽഫോൺസ പി.ജെ, മറ്റ് ആറുപേർ എന്നിവരുടെ അപേക്ഷയിലെ അതേ ആവശ്യമാണ് ഒ.എ.422/2023-ലെ അപേക്ഷകരായ ശ്രീമതി ലക്ഷ്മിക്കുട്ടിയും മറ്റ് ആറുപേരും ഉന്നയിച്ചിട്ടുള്ളത്. പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് 06.01.2006-ൽ ഉത്തരവായെങ്കിലും ഡി.പി.സി. കൂടി പ്രിൻസിപ്പൽ തസ്തികയിലേക്കുള്ള റഗുലർ പ്രൊമോഷൻ നടത്തിയത് 01.08.2009-ലെ സ.ഉ.(സാധാ) നം.3420/09/പൊ.വി.വ. പ്രകാരമാണ്. അതുവരെയും (2009 വരെ) പ്ലെയ്സ്ഡ് പ്രിൻസിപ്പൽ നിയമനം തുടർന്നുവന്നു. ഈ കാലയളവിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽ തസ്തികയിൽ ഉള്ളവർക്ക് 250/- രൂപ സ്പെഷ്യൽ പേ മാത്രമാണ് നൽകിയത്. ഇതിനെതിരെ, മേരിക്കുട്ടി തുടങ്ങിയവർ കോടതിയിൽ ഫയൽ ചെയ്ത WP(C) 6530/2007 WP(C) 21592/2010 കേസുകളിൽ ബഹു.ഹൈക്കോടതിയുടെ 6.07.2009 ലെ ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ സ്കെയിൽ അനുവദിച്ച് ഉത്തരവാകുന്നതിന് കോടതി നിർദ്ദേശിച്ചതിൽ സർക്കാർ SLP ഫയൽ ചെയ്തെങ്കിലും ആയത് തള്ളിയതിനാൽ ഇവർക്ക് 06.01.2006 പ്രാബല്യത്തിൽ പ്രിൻസിപ്പൽ സ്കെയിൽ ഓഫ് പേയിൽ ശമ്പളം ക്രമീകരിച്ച് നൽകുന്നതിന്

സർക്കാർ അനുമതി നൽകിയിരുന്നു. അതേ ആവശ്യമാണ് ലക്ഷ്മികുട്ടിയും മറ്റുള്ളവരും ചേർന്ന് ഒഎ 422/2023 ലെ കോടതി വിധിയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനാൽ 09.06.2014-ലെ W.A 950/2010-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ച സ്കെയിൽ ഓഫ് പേ-യുടെ ആനുകൂല്യം കൈപ്പറ്റിയവരുടെ അതേ സാഹചര്യത്തിലുള്ളവരാണ് ഒ.എ.422/2023-ലെ അപേക്ഷകർ.

തീരുമാനിക്കേണ്ട വിഷയം

W.A.No.950/2010 കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്ഡ് പ്രിൻസിപ്പൽമാർക്ക് അനുവദിച്ചിരുന്ന സ്കെയിൽ ഓഫ് പേയുടെ ആനുകൂല്യം സമാന സാഹചര്യത്തിലുള്ള ഒ.എ 422/2023 കേസിലെ അപേക്ഷകർക്ക് കൂടി ബാധകമാകുന്ന രീതിയിൽ ദീർഘിപ്പിച്ച് നൽകി പ്ലേയ്സ്ഡ് പ്രിൻസിപ്പൽമാരായി നിയമിക്കപ്പെട്ടവർക്ക് 06.01.2006 മുതൽ പ്രിൻസിപ്പലിന്റെ ശമ്പള സ്കെയിലിൽ, ധനകാര്യ വകുപ്പിന്റെ നിർദ്ദേശം മറികടന്ന് അനുവദിക്കാമോ?